(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വൻതകർച്ചയെ നേരിടുന്ന ഓട്, ഖാദി വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) ഇത്തരം സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ സിക്ക് യൂണിറ്റുകളായി അംഗീകരിച്ച യൂണിറ്റുകളൊന്നും തന്നെയില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) & (ഇ) ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൈത്തറി മേഖലയിലെ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

133 [502] *ശ്രീ. എ. സി. ഷൺമുഖദാസ്:*
" *സി. കെ. നാണു:*
" *കെ. പി. മോഹനൻ:*
*ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ എത്ര തൊഴിലാളികൾ (കൈത്തറി സൊസൈറ്റികളിൽ ഉൾപ്പെടെ) ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് കുടിശ്ശികയായി എത്ര തുക നൽകാനുണ്ട്;

(സി) ദീൻദയാൽ യോജന സ്കീം അനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ ഈ സംഘങ്ങൾക്ക് എത്ര തുക നൽകാൻ ബാക്കി ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ തുക ലഭിക്കാത്തതിന്റെ ഫലമായി കേരളത്തിലെ കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അനുഭവിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) കൈത്തറി മേഖലയിൽ ഏകദേശം 1,50,000 പേർ ജോലി ചെയ്തു വരുന്നതായി കണക്കാക്കുന്നു.

(ബി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘമായ ഹാന്റ്ക്സിനും സർക്കാരിൽ നിന്നും യഥാക്രമം 1.10 കോടി രൂപയും 3.2 കോടി രൂപയും റിബേറ്റ് കുടിശ്ശികയായി നൽകാനുണ്ട്. ഹാന്റ്ക്സിൽ നിന്ന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 24.6 കോടി രൂപ കുടിശ്ശികയും നൽകാനുണ്ട്.

(സി) ദീൻദയാൽ യോജന സ്കീം അനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിച്ച തുക മുഴുവനും സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**പി. എസ്. സി. ലിസ്റ്റിൽ നിന്നും താൽക്കാലിക നിയമനം**

134 [536] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ. എസ്. ആർ. ടി. സി.യിൽ താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ ഓരോ തസ്തികകളിലും ജോലി നോക്കുന്നവരുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ആർ. ടി. സി.യിൽ പി. എസ്. സി. വഴി നിയമനം ലഭിച്ചവരേയും താൽക്കാലിക/എംപാനൽ ജീവനക്കാരായി നിലനിർത്തിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നയപരമായ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) കണ്ടക്ടർ, ഡ്രൈവർ, വർക്ക് അസിസ്റ്റന്റ്, കോച്ച് ബിൽഡർ, അപ്ഹോൾസ്റ്റർ, ബ്ലാക്ക്സ്മിത്ത്, പെയിന്റർ, പമ്പ് ഓപ്പറേറ്റർ, സീറ്റർ, സീറ്റർ-കം-സ്കാവഞ്ചർ, സ്റ്റോർ ഇഷ്യൂവർ, ഗാർഡ്, അസിസ്റ്റന്റ് സ്റ്റോർ കീപ്പർ എന്നീ തസ്തികകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly